# കുത്തുകൾ ഒരു പെൻസിൽ ഉപയോഗിച്ച് യോജിപ്പിക്കൂ



...എന്നിട്ട് നിറം കൊടുക്കൂ!

ഇരട്ടത്തലച്ചിയെപ്പറ്റി കൂടുതൽ അറിയാൻ പേജ് മറിച്ചു നോക്കൂ

early bird
early-bird.in
nature conservation foundation
ROHINI NILEKANI philanthropies

# ഉത്തരം പറയൂ

ചോ: ഇരട്ടത്തലച്ചിയുടെ കൊക്കുകൾ കാണാൻ എങ്ങനെയാണ്?

- ചെറിയ ഒരു ഐസ്ക്രീം കോൺ പോലെ
- വലിയ ഹുക്ക് പോലെ
- നീണ്ടു വളഞ്ഞത്

ചോ: ഇരട്ടത്തലച്ചിയുടെ കാലുകൾ കാണാൻ എങ്ങനെയാണ്?

- ചെറു ചില്ലകളിൽ പിടിച്ച് നില്ക്കാൻ പറ്റിയ കുഞ്ഞിക്കാലുകൾ
- താറാവിന്റേതു പോലെ വെള്ളത്തിൽ നീന്താൻ പറ്റിയവ
- എലിയേയും മറ്റും പിടിക്കാൻ പാകത്തിന് ശക്തമായ കാലുകൾ

അതിന്റെ ചുവന്ന മീശ കണ്ടോ? പടത്തിൽ ചൂണ്ടിക്കാണിക്കാമോ? അതിനു ചുറ്റും ഒരു വട്ടം വരക്കൂ.

ഇരട്ടത്തലച്ചിയെ കണ്ടിട്ടുണ്ടോ? കണ്ടെങ്കിൽ എവിടെവച്ച്?

ഉണ്ട് ________________________________

ഇല്ല

ഇരട്ടത്തലച്ചിയുടെ കൊക്ക് ഇവിടെ വരക്കൂ



ഇരട്ടത്തലച്ചി

# ഇരട്ടത്തലച്ചി



തലയോളം തന്നെ വലിയ തൊപ്പി ഉള്ളതുകൊണ്ട് ഇവയെ കണ്ടാൽ രണ്ടു തലകൾ ഉള്ളപ്പോലെ തോന്നുന്നുണ്ടോ? അതുകൊണ്ടാണ് ഇവരെ ഇരട്ടത്തലച്ചികൾ എന്നു വിളിക്കുന്നത്. പ്രായപൂർത്തിയാകാത്ത ഇരട്ടത്തലച്ചികൾക്ക് ഈ ചുവന്ന മീശ ഉണ്ടാകില്ല.

ഈ ഇരട്ടത്തലച്ചി  വെളുത്ത അഗ്രങ്ങളോടുകൂടിയ നീണ്ട ബ്രൌൺ വാലും, വാലിനടിയിൽ ചുവന്ന "നിക്കറും" ഉണ്ട്. പൂവനെയും പിടയെയും തിരിച്ചറിയൽ എളുപ്പമല്ല. മുതിർന്ന ഇരട്ടത്തലച്ചിക്ക് ഏതാണ്ട് 20 സെ. മീ. നീളം വരും.

ഇത് പരീക്ഷിക്കൂ:
നിങ്ങളുടെ കൈത്തണ്ട മുതൽ  വിരലറ്റം വരെ അളക്കൂ... ഇരട്ടത്തലച്ചിയോളം വലുതാണോ?



ഇരട്ടത്തലച്ചി കരയുന്നത് കേട്ടാൽ "പ്ലീസ്സ് റ്റു മീറ്റ് യൂ" എന്ന് പറയുന്ന പോലെ തോന്നും!

കപ്പ് രൂപത്തിലാണ് ഇരട്ടത്തലച്ചികളുടെ കൂട്. ചെറിയ കുറ്റിച്ചെടികളിലും മറ്റുമാണ് ഇവ കൂട് കൂട്ടുന്നത്. ചുള്ളിക്കമ്പുകൾ, വേരുകൾ, പുല്ലുകൾ എന്നിവയാണ് പ്രധാന കൂട് നിർമാണ വസ്തുക്കൾ. കൂടിന് ബലം കൂട്ടാൻ മരപ്പട്ടകൾ ഉപയോഗിക്കുന്നു.

കൂടുണ്ടാക്കാനുള്ള സാധനങ്ങളും കൊണ്ട് ഒരു ഇരട്ടത്തലച്ചി ഇതാ പോകുന്നു...



വളർച്ചയ്ക്ക് സഹായിക്കുന്ന മാംസ്യം ധാരാളം അടങ്ങിയിട്ടുള്ള പുഴുക്കളെയും പ്രാണികളെയുമാണ് ഇരട്ടത്തലച്ചി കുഞ്ഞുങ്ങൾക്ക് അവരുടെ മാതാപിതാക്കൾ തിന്നാൻ കൊടുക്കാറ്. വളർന്ന് കഴിഞ്ഞാൽ പിന്നെ അവർ പഴങ്ങളും ചെറുകായ്കളും കഴിച്ചു ജീവിക്കുന്നു.

വര: സ്മിത കൌശിക്
വിവർത്തനം: രതീഷ് ആർ എൽ